കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോളൂർ ഗ്രാമ പഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി3)1312/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.

ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി: 04.12.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തോളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോളൂർ ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡിക 3.1, 3.12 എന്നിവകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി3)1312/2017 തീയ്യതി: 04.12.2017

തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 01.04.2016 മുതൽ 31.07.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.17 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.ചേക്കുട്ടി കെ.യു, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	01.08.2017 മുതൽ 07.08.2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.എൽ.അഗസ്റ്റിൻ	ഓഡിറ്റ് ഓഫീസർ
ശ്രീ.റ്റി.ജി.പ്രശാന്ത്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ.പി.ബി	സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഖ.സി	സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി.രാധ രവീന്ദ്രൻ	01.04.16 മുതൽ 31.03.17 വരെ
സെക്രട്ടറി	ശ്രീ.ഉണ്ണികൃഷ്ണൻ.കെ	01.04.16 മുതൽ 31.03.17 വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീ.സുകുമാരൻ	01.04.16 മുതൽ 31.03.17 വരെ
അസി.എഞ്ചിനീയർ	ശ്രീ.സിബി എ.പി	01.04.16 മുതൽ 06.07.16 വരെ
	ശ്രീമതി. നിമിഷ.വി.കൃഷ്ണൻ	07.07.16 മുതൽ 31.03.17 വരെ
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	ഡോ. നവ്യ	01.04.16 മുതൽ 31.03.17 വരെ
മെഡിക്കൽ ഓഫീസർ,ആയുർവേദം	ഡോ. നീലകണ്ഠൻ നമ്പൂതിരി	01.04.16 മുതൽ 31.03.17 വരെ
മെഡിക്കൽ ഓഫീസർ, ഹോമിയോ	ഡോ. ബിന്ദു.പി.ഭാസ്കർ	01.04.16 മുതൽ 22.01.17 FN വരെ
	ഡോ.ഹിന ജോയ്	22.01.17 AN മുതൽ 31.03.17 വരെ
വി.ഇ.ഒ. തോളൂർ സർക്കിൾ	ശ്രീമതി.സിന്ധു.പി	01.04.16 മുതൽ 31.03.17 വരെ
വി.ഇ.ഒ. എടക്കളത്തൂർ സർക്കിൾ	ശ്രീമതി.സിന്ധു.പി	01.04.16 മുതൽ 10.11.16 വരെ
	ശ്രീമതി.രശ്മി നായർ	11.11.16 മുതൽ 31.03.17 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി.ഡോണ വിജയൻ	01.04.16 മുതൽ 31.03.17 വരെ
വെറ്ററിനറി സർജൻ	ഡോ. വിനോദ് കുമാർ	01.04.16 മുതൽ 31.03.17 വരെ
പ്രധാന അദ്ധ്യാപിക	ശ്രീമതി.സെലീന	01.04.16 മുതൽ 31.03.17 വരെ

ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീമതി.സുഷമ.സി.വി	01.04.16 മുതൽ 09.02.17 വരെ
	ശ്രീമതി.ഗിരിജ.എസ്.കെ	10.02.17 മുതൽ 31.03.17 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.ടി.വി.ശിവദാസൻ	01.04.16മുതൽ 16.08.16 വരെ
	ഒഴിവ്	17.08.16 മുതൽ 21.08.16 വരെ
	ശ്രീ.ഇ.എൻ.ഹരിനാരായണൻ	22.08.16 മുതൽ 31.03.17 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1.1
2	വാർഷിക ധനകാര്യപത്രിക.	1.2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.	1.3
4	സാമ്പത്തിക വിശകലനം	1.4
5	ഫണ്ട് വിനിയോഗം	1.5
6	പദ്ധതി അവലോകനം.	1.6
7	തനത് വരുമാനം.	1.7
8	ക്ഷേമപദ്ധതികൾ	1.8
9	ക്യാഷ് വെരിഫിക്കേഷൻ	1.9
10	ആഭ്യന്തരനിയന്ത്രണം	1.10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1.11
	ഭാഗം 2	
12	ബി.എസ്.എൻ.എൽ തൊഴിൽ നികുതി ഈടാക്കിയില്ല	2-1
13	കടമുറികൾ വാടകക്ക് നൽകുന്നത്- രേഖകൾ പരിശോധനക്കായി നൽകിയില്ല	2-2
14	ലേലം – മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല	2-3
	ഭാഗം 3	
15	വിദ്യാലയങ്ങളിലെ കുട്ടികൾക്ക് വായനാപുസ്തകവിതരണപദ്ധതി – പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല	3-1
16	മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക് കസേര വാങ്ങി നൽകി	3-2
17	എസ്.എസ്.എ പഞ്ചായത്ത് വിഹിതം- അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്	3-3
18	പാലിയേറ്റിവ് കെയർ പദ്ധതിയിലേക്ക് മരുന്നുകൾ വാങ്ങൽ – അപാകതകൾ പരിഹരിക്കേണ്ടതാണ്	3-4

19	ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- ആവശ്യകതാനിർണ്ണയം നടത്താതെയും വകുപ്പിൽ നിന്നും ലഭ്യമാവുന്നത് കണക്കിലെടുക്കാതെയും മരുന്നുകൾ വാങ്ങി	3-5
20	ചോരോതെ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ സെന്റർ- പദ്ധതി പൂർത്തിയാക്കാൻ കാലതാമസം-2015-16 ലെ പ്രൊജക്ട് 2017-18 വർഷത്തേക്ക് ക്യാരി ഓവർ ചെയ്തിരിക്കുന്നു	3-6
21	മാന്വൽ ടെണ്ടറിൽ മത്സരസമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നില്ല	3-7
22	പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തി മോണിറ്റർ ചെയ്യപ്പെടുന്നില്ല	3-8
23	ടെണ്ടർ വില്പന- ഇ ടെണ്ടർ ഫീ, വാറ്റ്- പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല	3-9
24	അംഗീകാരം ലഭിച്ച പ്രൊജക്ട് ഉപേക്ഷിക്കുന്നു- ഇതുമൂലം മറ്റ് മേഖലകളിൽ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തുന്നു	3-10
25	സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ	3-11
26	അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ	3-12
27	അംഗനവാടികളുടെ ഭൗതികസാഹചര്യം	3-13
28	ആശ്രയപദ്ധതി- അവലോകനം	3-14
	ഭാഗം 4	
29	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4.1
30	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4.2
31	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4.3
32	വായ്പ/ വായ്പ തിരിച്ചടവ്	4.4
33	സ്ഥിരനിക്ഷേപങ്ങൾ	4.5
34	ഓഡിറ്റ് റിക്കവറി	4.6
35	ഓഡിറ്റ് പ്രത്യവലോകനം	4.7
36	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4.8
37	അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്	

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി	(പുതുക്കിയത്) :
03.03.2016 ലെ 1(1) നമ്പർ തീരുമാനം	24.03.17 ലെ 1(1) നമ്പർ തീരുമാനം

പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
6,90,24,911/-	7,02,38,565/-	1,05,02,361/-	5,60,17,696/-

1-2 വാർഷികധനകാര്യപത്രിക

സാമ്പത്തിക വർഷം	ഓഡിറ്റിൽ ലഭിക്കേണ്ട തീയതി	ലഭിച്ച തിയ്യതി
2016-17	31/7/2017	20/7/2017

1-3 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

1. S0025/17- സ്ട്രീറ്റ് ലൈൻ നീട്ടൽ, S0136/17 – പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ എന്നീ പദ്ധതികൾക്കായി യഥാക്രമം 1,00,000/- രൂപയും, 3,23,930/- രൂപയുമടക്കം ആകെ 4,23,930/- രൂപ കെ.എസ്.ഇ.ബി ക്ക് നൽകിയിട്ടുണ്ട്. ടി തുക ബാലൻസ് ഷീറ്റിൽ ഡെപ്പോസിറ്റ് ശീർഷകത്തിൽ കാണുന്നില്ല.

2) ഡി.സി.ബി പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

3) സ.ഉ.(കൈ) നം.212/2012/തസ്വഭവ തി. 06.08.12 പ്രകാരം തേയ്മാനം കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ആസ്തി ബാധ്യതാ വിവരങ്ങൾ പൂർണ്ണമായി തിട്ടപ്പെടുത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, രസീറ്റ്&പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

1-4 സാമ്പത്തികവിശകലനം

മുന്നിരിപ്പ്	4661640
വരവ്	36304375
ആകെ	40966015
ചെലവ്	35584370
നീക്കിയിരിപ്പ്	5381645

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	തൻവർഷ വരവ്/ അലോട്ട്മെന്റ്	ചെലവ്	സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക	ചെലവ് ശതമാനം

വികസനഫണ്ട്,പൊതുവിഭാഗം	7586039	6313709	1272330	83.23%
വികസനഫണ്ട് എസ്.സി.പി.	4902273	3685612	1216661	75.18%
വികസനഫണ്ട് ടി.എസ്.പി.	19050	19050	-	100%
സംരക്ഷണഗ്രാന്റ് (റോഡ്)	6155634	4632145	1523489	75.25%
സംരക്ഷണഗ്രാന്റ് നോൺറോഡ്	2554755	2114072	440683	82.75%
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	4254233	1628104	2626129	38.27%
പെർഫോമൻസ് ഗ്രാന്റ്	2301889	346785	1955104	15.07%

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
125	27773873	75	18739477	8	42	60%

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.45% കുറവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	1907997	2814206	906209	(+)47.49
നികുതിയേതര വരവുകൾ	465527	565112	99585	(+)21.39
മറ്റുവരവുകൾ	7442094	5704884	-1737210	(-)23.34
ആകെ	9815618	9084202	-731416	(-) 7.45

1-8 ക്ഷേമപദ്ധതികൾ

ക്രമ നം.	പദ്ധതി	2016-17ൽ ലഭിച്ച അപേക്ഷകൾ	നിശ്ചിത ദിവസത്തനകം അംഗീകരിച്ചവ	നിരസിച്ചവ	കാലതാമസം ഉണ്ടെങ്കിൽ പരിഹാരമാർഗ്ഗം

1	കർഷകത്തൊഴിലാളി പെൻഷൻ	22	9	13	-
2	തൊഴിൽരഹിതവേതനം	18	3	15	-
3	വിധവാ പെൻഷൻ	42	27	15	-
4	വികലാംഗ പെൻഷൻ	22	11	11	-
5	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	15	9	6	-
6	വാർദ്ധക്യകാല പെൻഷൻ	522	266	256	-

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2017 തിയതിയിൽ 3.30 പി.എംന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7325/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. രജിസ്റ്ററുകൾ ഒരുപരിധിവരെ കൃത്യമായി സൂക്ഷിക്കുകയും രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. അപാകതകൾ തുടർന്നുള്ള ഭാഗങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കാര്യങ്ങളിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധ പുലർത്തേണ്ടതാണ്.

1)പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

2) പഞ്ചായത്തിനു കീഴിലുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഇൻക്യൂമ്പൻസി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ, തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായുള്ള സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി എഴുതി പരിപാലിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	20.07.17	മെയ് 2017	ലഭിച്ചിട്ടില്ല

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	2005-06 മുതൽ 2009-10 വരെ	07.01.2011 – 19.01.2011	02.01.12

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ബി.എസ്.എൻ.എൽ - സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തോളൂർ ഗ്രാമപഞ്ചായത്തിലെ ബി.എസ്.എൻ.എൽ പറപ്പൂർ എന്ന സ്ഥാപനത്തിന്റെ 2016-2017 വർഷത്തെ തൊഴിൽ നികുതി 2500 രൂപ ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് എത്രയും പെട്ടെന്ന് ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.12/17 തീയതി- 05/08/17).

2-2 കടമുറികൾ വാടകക്ക് നൽകുന്നത്- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

1) തോളൂർ ഗ്രാമപഞ്ചായത്ത് വക ഷോപ്പിങ്ങ് കോംപ്ലക്സിലെ കടമുറികൾ വാടകക്ക് നൽകുന്നതിനോടനുബന്ധിച്ചുള്ള ബൈലോ പരിശോധനക്കായി നൽകിയിട്ടില്ല.

2) തോളൂർ ഗ്രാമപഞ്ചായത്ത് വക വനിതാവ്യവസായ കേന്ദ്രത്തിലെ റൂം നമ്പർ V/249 2016-17ൽ ശ്രീമതി വത്സല രാരംപറമ്പിൽ എന്നവർക്ക് വാടക 5% കൂട്ടി പുതുക്കി നിശ്ചയിച്ച് നൽകിയിരുന്നു. ആയതിനോടനുബന്ധിച്ചുള്ള കരാർ പരിശോധനക്കായി നൽകിയിട്ടില്ല.

3) തോളൂർ ഗ്രാമപഞ്ചായത്ത് വക വനിതാവ്യവസായ കേന്ദ്രത്തിലെ റൂം നംപർ V/247 -2016-17ൽ ശ്രീമതി.പുഷ്പ ശശി എന്നവർക്ക് വാടക മുൻവർഷത്തേക്കാൾ 5% കൂട്ടി(1505-1580) പുതുക്കി നിശ്ചയിച്ച് നൽകിയിരുന്നു. വനിതാവ്യവസായകേന്ദ്രത്തിലെ കടമുറികൾ വാടകക്ക് നൽകുന്നതിനോടനുബന്ധിച്ചുള്ള ബൈലോയിലെ വ്യവസ്ഥ പ്രകാരം കൂടിയ തുകക്ക് മൂന്നിരട്ടി തുക നിക്ഷേപമായി വാങ്ങേണ്ടതാണ് (അതായത് 75x3=225). ആയത് എത്രയും പെട്ടെന്ന് ഈടാക്കേണ്ടതാണ്. (മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/17 തീ. 5/8/17) മറുപടി ലഭ്യമാക്കിയില്ല.)

2-3 ലേലം- അപാകതകൾ

1). തോളൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കരിക്കുളം മത്സ്യലേലം 16-17 ൽ നടത്താതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്. 2014-15 ൽ ഈ ലേലം വഴി 4065 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

2).28.3.16ലെ 4(8)ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം വാർഡ്-3 ലെ 40ാം നമ്പർ

അംഗനവാടിയിലെ തേക്കുമരം, വാർഡ്-13 ലെ 42ാം നമ്പർ അംഗനവാടിക്കു സമീപമുള്ള തേക്കുമരം, എന്നിവ മുറിച്ച് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാനത്തിൽ എടുത്ത നടപടി ഓഡിറ്റിനെ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.13/17 dtd 5/8/17) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. തീരുമാനത്തിന്മേൽ എടുത്ത നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വിദ്യാലയങ്ങളിലെ കുട്ടികൾക്ക് വായനാപുസ്തക വിതരണപദ്ധതി- പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി. സ്കൂൾ

പദ്ധതി : പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ കുട്ടികൾക്ക് വായനാപുസ്തകം

പദ്ധതി നമ്പർ : S0069/17

അടങ്കൽ : 1,00,000/-

ചെലവ് : 1,00,000/-

ട്രഷറി ബിൽ : 02/16-17 dt. 28.03.17

എ) 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം.04/2016 /തസ്വഭവ തി. 11.01.2016പ്രകാരം വിദ്യാർത്ഥികൾക്ക് വായനാപുസ്തകങ്ങൾ വാങ്ങിനൽകുന്നതിനായി പദ്ധതി രൂപീകരിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ, മേൽവിവരിച്ച പദ്ധതിയിൽ 1,00,000/- രൂപ വികസനഫണ്ട് പൊതുവിഭാഗം വകയിരുത്തി കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങൾ വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

ബി) കേരള സ്റ്റേറ്റ് ബുക്ക്മാർക്കിൽ നിന്നുള്ള ഇൻവോയ്സ് പ്രകാരം (KSBM/100/2017 dt. 15.03.17) ആകെ 2132 പുസ്തകങ്ങളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ, വിവിധ സ്കൂളുകൾ ഹാജരാക്കിയ വിതരണലിസ്റ്റ് പ്രകാരം 1671 പുസ്തകങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. 461 പുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

സി) കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും തുക കൈപ്പറ്റിയതിനുള്ള രസീത് ലഭിച്ചിട്ടില്ല.

മേൽ കാരണങ്ങളാൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-2 മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക് കസേര വാങ്ങി നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി. സ്കൂൾ

പദ്ധതി : എൽ.പി, യു.പി കുട്ടികൾക്ക് മേശ, കസേര (എസ്.സി)

പദ്ധതി നമ്പർ : S0070/17

അടങ്കൽ : 4,65,000/-

ചെലവ് : 4,62,258/-

ട്രഷറി ബിൽ : 03/16-17 തിയ്യതി 28.03.17

മേൽപദ്ധതി പ്രകാരം ചെർപ്പുളശ്ശേരിയിലുള്ള രാജധാനി ഏജൻസീസിൽ നിന്നും 122 മേശകളും (മരം) 122 കസേരകളും (പ്ലാസ്റ്റിക്) വാങ്ങി (ഇൻവോയ്സ് നമ്പർ : 605/28.03.17) കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് കസേര ഒന്നിന് 400/- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ പ്രകാരം വിദ്യാർത്ഥികൾക്ക് മരം/സ്റ്റീൽ എന്നിവ കൊണ്ട് നിർമ്മിച്ച മേശയും കസേരയുമാണ് വാങ്ങിനൽകേണ്ടത്. ആയതിന് വിരുദ്ധമായി പ്ലാസ്റ്റിക് കസേരയാണ് വാങ്ങി നൽകിയിട്ടുള്ളത്. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/16-17 dt 01.08.17) തൃപ്തികരമായ മറുപടി ലഭിച്ചില്ല. പദ്ധതി നിർവ്വഹണം മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിധേയമായി നടത്തേണ്ടതാണ്. പ്ലാസ്റ്റിക് കസേരകൾ വാങ്ങുന്നതിന് ചെലവഴിച്ച 48,800/- (122 x 400) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-3 എസ്.എസ്.എ പഞ്ചായത്ത് വിഹിതം- അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി. സ്കൂൾ

പദ്ധതി : എസ്.എസ്.എ വിഹിതം

പദ്ധതി നമ്പർ : S0017/17

അടങ്കൽ : 9,57,906/-

ചെലവ് : 9,57,906/-

ട്രഷറി ബിൽ : 01/16-17 തി. 14.11.16

9,57,906/- രൂപ (വികസനഫണ്ട് പൊതുവിഭാഗം) അടങ്കലുള്ള മേൽ പ്രൊജക്ടിൽ 9,57,906/- രൂപ തന്നെ ചെലവഴിച്ചിട്ടുമുണ്ട്. എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസറുടെ 24-06-2017 ലെ ധനവിനിയോഗ സർട്ടിഫിക്കറ്റ് (2016-17) പ്രകാരം ആകെ ചെലവ് 17,51,715/- രൂപയാണ്. ആയതിന്റെ 40% ആയ 7,00,686/- രൂപയാണ് പഞ്ചായത്ത് വിഹിതമായി നൽകേണ്ടത്. എന്നാൽ, 9,57,906/ രൂപ (2,57,220/- രൂപ അധികം) നൽകിയിട്ടുണ്ട്. അധികം നൽകിയ തുക വരും വർഷത്തിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-4 പാലിയേറ്റിവ് കെയർ പദ്ധതിയിലേക്ക് മരുന്നുകൾ വാങ്ങൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ - S0011/17

അടങ്കൽ - 7,00,000/-

ഫണ്ട് - വികസനഫണ്ട് (പൊതു) - 5,00,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 2,00,000/-

എ) 2016-17 വർഷം പാലിയേറ്റിവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 4,19,850/- രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനായി കാരുണ്യ ഫാർമസിക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ 2,37,290/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 1,82,560/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്. ആയത് ലഭ്യമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) പാലിയേറ്റിവ് പദ്ധതി പ്രകാരം വാങ്ങുന്ന മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് കൃത്യതയോടെ പരിപാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) പാലിയേറ്റിവ് കെയർ മാർഗ്ഗരേഖ ജി.ഒ (ആർ.ടി) നം. 3217/15 തി. 29.10.15 പ്രകാരം പാലിയേറ്റിവ് രോഗികൾക്ക് ആവശ്യമായ മരുന്നുകളിൽ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ആവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളാണ് വാങ്ങി നൽകേണ്ടത്. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3-5 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ആവശ്യകതാനിർണ്ണയം നടത്താതെയും വകുപ്പിൽ നിന്നും ലഭ്യമാവുന്നത് കണക്കിലെടുക്കാതെയും മരുന്നുകൾ വാങ്ങി

പ്രൊജക്ട് നമ്പർ - S0009/17

അടങ്കൽ - 3,50,000/-

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

ചെലവുതുക -3,50,000/-

ട്രഷറി ബിൽ - 04/16-17 തി. 15.11.16

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയായ ജി.ഒ.(പി) നം. 259/2010/തസ്വഭവ തി. 08.11.2010 പ്രകാരം സമാഹരണത്തിന് മുന്നോടിയായി ആവശ്യകതാനിർണ്ണയം നടത്തേണ്ടതുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ 2013, അദ്ധ്യായം 6, ഖണ്ഡിക 6.4 പ്രകാരവും വാർഷിക ഇൻഡന്റ് തയ്യാറാക്കി ക്ഷമതയുള്ള അധികാരിയിൽ നിന്ന് അംഗീകാരം നേടേണ്ടതുണ്ട്. 2016-17 വർഷത്തേക്ക് ആവശ്യമുള്ള മരുന്നുകളുടെ ആവശ്യകതാനിർണ്ണയം നടത്തുകയോ/വാർഷിക ഇൻഡന്റ് തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. ആയുർവേദ ഡിസ്പെൻസറിയിലേക്ക് 2016-17 വർഷം 3,50,000/- രൂപയുടെ മരുന്നുകൾ ആവശ്യമാണെന്ന് കണക്കാക്കിയാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിൽ, മെഡിക്കൽ ഓഫീസർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ നൽകിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം (നമ്പർ : എ6-9035/2016 തി. 14.12.2016) വകുപ്പിൽ നിന്നും 66,000/- രൂപയുടെ മരുന്നുകൾ ഡിസ്പെൻസറിക്ക് ലഭ്യമാണ്. ആയതിനാൽ, 2,84,000/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിയാൽ മതിയാവുന്നതാണ്. എന്നാൽ, ഔഷധിയിൽ നിന്നും 3,50,000/- രൂപക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 06/03.08.17 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. വാർഷിക ആവശ്യകതാനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ

അധികം മരുന്നുകൾ വാങ്ങിയിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിനിർവ്വഹണത്തിൽ ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3-6 ചോരോതെ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ സെന്റർ. പദ്ധതി പൂർത്തിയാക്കാൻ കാലതാമസം. 2015-16 ലെ പ്രൊജക്ട് 2017-18 വർഷത്തേക്ക് ക്യാരി ഓവർ ചെയ്തിരിക്കുന്നു

നി.ഉ. അസിസ്റ്റന്റ് എൻജിനിയർ.

അടങ്കൽ. 222222/-

നിർവ്വഹണം : ഗുണഭോക്തൃസമിതി.

സാങ്കേതിക അനുമതി:421/15-16 dt28/7/15

കരാർ:31/AE/lsgdTcr15-16dt4-3-16

വകുപ്പിന്റെ അനുമതിയില്ലാതെ പി.ഡബ്ളിയു റോഡിന് ഇരുഭാഗത്തായി 460 മീറ്റർ കുഴിച്ചതിന് ശേഷമുള്ള പുനരുദ്ധാരണ പ്രവൃത്തിക്ക് 262373/-രൂപ PWD യിലേക്ക് അടവാക്കാൻ അസി.എഞ്ചിനീയർ, പി.ഡബ്ല്യു.ഡി, റോഡ്സ് ഡിവിഷൻ, ചെമ്പൂക്കാവ്, 26/3/2016ലെ P42/16 കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുന്നു.

2013-14 വർഷം ആരംഭിച്ചതും 2014-15ൽ 1375 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്ത പ്രസ്തുത പ്രവർത്തിയുടെ തുടർ ഭാഗങ്ങളിലേക്ക് ജലസേചന സൗകര്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2015-16 പദ്ധതിയിൽപെടുത്തി 270 മീറ്റർ നീളത്തിൽ പൈപ് ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രോജക്ട് നടപ്പാക്കുന്നതിന് ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുന്ന 29/9/15 ലെ 1(1) തീരുമാനം പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു. തുടർന്ന് സമിതി കൺവീനർ ശ്രീ. സി.ടി. ചേറുവുമായി 4/3/16ൽ കരാറിൽ ഏർപ്പെട്ടു. പൂർത്തീകരണ കാലാവധി നിശ്ചയിച്ചിരിക്കുന്നത് 31/3/16 നാണ്.

നിർമ്മാണം പൂർത്തീകരിച്ചതിനാൽ പേയ്മെന്റ് നൽകുന്നതിന് 26/3/16ൽ കൺവീനർ കത്തു പ്രകാരം അസി.എഞ്ചിനീയർ വശം ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.
1)PWD യിൽ നിന്ന് അനുമതി ലഭിച്ചതിനുശേഷം പ്രവൃത്തി ആരംഭിച്ചാൽ മതി എന്ന് എ.ഇ ശ്രീ.സി.ടി. ചേറുവിനെ അറിയിച്ചത് 26/3/16നും. അതായത് നിർമ്മാണം പൂർത്തിയാക്കി പേയ്മെന്റ് ആവശ്യപ്പെട്ട തിയ്യതിയിൽ തന്നെ.

2)സൈറ്റ് കൈമാറിയതിന്റെ രേഖകൾ ഇല്ല. കൂടാതെ സെലക്ഷൻ നോട്ടീസ് എ.ഇ ആധികാരികമാക്കിയിട്ടില്ല.

3)4/8/16ൽ പ്രവൃത്തിപൂർത്തിയായതായി സെക്രട്ടറി PWD വിഭാഗത്തെ അറിയിച്ചുവെങ്കിലും പ്രവൃത്തി അളവെടുത്ത എം.ബി ഹാജരാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

കൂടാതെ പ്രവൃത്തി നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥലം കരാർ വെക്കുന്നതിന് മുമ്പുതന്നെ തദ്ദേശസ്വയംഭരണസ്ഥാപനം ലഭ്യമാക്കേണ്ടതും കരാർ വെച്ച് ഒരാഴ്ചക്കകം ഗുണഭോക്തൃ സമിതി കൺവീനറെ ഏൽപ്പിച്ച് രസീത് വാങ്ങിയിരിക്കേണ്ടതാണ്.(13.11.14 ലെ1/1559/10സി.ഇ/തസ്വഭവ സർക്കുലർ). മേൽ നിർദ്ദേശം പാലിക്കാതെ പ്രവൃത്തി തുടങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3-7 മാന്വൽ ടെണ്ടറിൽ മത്സര സ്വഭാവം പ്രോൽസാഹിപ്പിക്കുന്നില്ല.

2016-17 വർഷം മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി 6 e-tender ഉം 40 മാന്വൽ ടെണ്ടറും വിളിച്ചതിൽ മാന്വൽ ടെണ്ടർ ഒട്ടുമിക്കവയും എസ്റ്റിമേറ്റ് റേറ്റിലും ഇ-ടെണ്ടറുകൾ എസ്റ്റിമേറ്റ് കുറവിലും സമർപ്പിക്കപ്പെട്ടു. ഭൂരിപക്ഷം മാന്വൽ ടെണ്ടറിലും രണ്ടു പേർ മാത്രമാണ് സജീവമായി ക്വാട്ട് ചെയ്യുന്നതായി കണ്ടത്. മാന്വൽ ടെണ്ടറിലും ഇ-ടെണ്ടറിലും കരാറുകാർ ക്വാട്ട് ചെയ്ത നിരക്കും ഉദാഹരണ സഹിതം താഴെ ചേർക്കുന്നു.

ക്രമ നം.	മാന്വൽ ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ	ക്വാട്ട്ചെയ്ത നിരക്ക്	ആകെ പ്രവൃത്തികളുടെ എണ്ണം
1	E C Byju	Estimate	14
2	E C Lyju	Estimate	10
3	Sijohn C	Estimate	7
4	A R Muralidaran	Estimate	3
5	E N karthikayan	Estimate	1

ക്രമ നം.	ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ	ക്വാട്ട്ചെയ്ത നിരക്ക്	പി.എ.സി	പ്രോജക്ട് നമ്പർ
1	E C Byju	473759	500000	83/17
2	E C Byju	471630	500000	82/17
3	E C Byju	664134	674879	151/17
4	Sijohn C	423318	500000	88/17

5	AR Muralidaran	719995	800000	92/17
6	Jenson AJ	761776	891000	129/17

മാന്വൽ ടെണ്ടറിൽ മത്സരസ്വഭാവം ഇല്ല എന്നതും സ്ഥാപനത്തിന്റെ താല്പര്യം പരിഗണിക്കപ്പെടുന്നില്ല എന്നതും ഇ-ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്കിൽ നടത്തിയ താരതമ്യ പഠനത്തിൽ നിന്ന് മനസ്സിലാക്കാവുന്നതെയുള്ളൂ. മാന്വൽ ടെണ്ടറിൽ മത്സര സ്വഭാവം വർദ്ധിപ്പിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

3-8 പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തി മോണിറ്റർ ചെയ്യപ്പെടുന്നില്ല.

അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിംങ്ങ് കമ്മിറ്റികളായി യോഗം ചേർന്ന് മോണിറ്ററിംങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം ഭരണസമിതിക്കും, നിർവ്വഹണോദ്യോഗസ്ഥനും നൽകി ബന്ധപ്പെട്ട ഫയലിൽ ചേർത്താൽ മാത്രമെ മരാമത്ത് പ്രവൃത്തികളുടെ ലക്ഷ്യപ്രാപ്തി നിറവേറ്റപ്പെടുന്നത് ഉറപ്പാക്കാൻ കഴിയുകയുള്ളൂ. ഇത്തരത്തിലുള്ള സാക്ഷ്യപത്രം മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ചേർത്തുകാണുന്നില്ല.

3-9 ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ,പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

2016-17 വർഷം മരാമത്ത് പ്രവർത്തികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ലഭിക്കേണ്ട ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കേണ്ട ടെണ്ടർ ഫീ ലഭ്യമാക്കാൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ആകെ ഇ- ടെണ്ടർവിളിച്ച പ്രവൃത്തികൾ 6, പങ്കെടുത്ത കരാറുകാരുടെ എണ്ണം 15. പ്രോജക്ട് അടങ്കലിന്റെ 0.2% തുക എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-10 അംഗികാരം ലഭിച്ച പ്രോജക്ട് ഉപേക്ഷിക്കുന്നു; ഇതുമൂലം മറ്റ് മേഖലകളിൽ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം അംഗീകരിച്ച 61 പ്രോജക്ടുകളിൽ 28 പ്രോജക്ടുകൾ മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത്. 4 പ്രോജക്ടുകൾ ഉപേക്ഷിച്ചു. അവ: 120/17, 86/17, 98/17, 147/17 (സ്പിൽ ഓവർ- 1 ഉം 2016-17 ലെ 3 പ്രോജക്ടുകൾ) 2017-18 ലേക്ക് സ്പിൽ ഓവറായി 30 പ്രോജക്ടുകൾ ശേഷിക്കുന്നു. അംഗീകാരം ലഭിച്ച പ്രോജക്ട് ഉപേക്ഷിക്കുന്നത് മറ്റ് മേഖലകളിൽ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തുന്നു. ഇക്കാര്യത്തിലേക്ക്

ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

3-11 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ

3-11-1) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

എ) പ്രോജക്ട് നമ്പർ:-25/17
സ്ട്രീറ്റ് ലൈൻ നീട്ടൽ
തുക:₹1,00,000

ട്രഷറി ബിൽ നമ്പർ:23/2016-17 dt.31-03-2017

ബി) പ്രോജക്ട് നമ്പർ:-136/17
പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ
തുക:₹3,23,930/-

ട്രഷറി ബിൽ നമ്പർ:42/2016-17 dt.22-03-2017

പ്രസ്തുത പദ്ധതികളിലായി KSEB യിൽ ആകെ ₹4,23,930/- അടാവാക്കിയിട്ടുള്ളതാണ്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3-11-2) ലൈബ്രറികൾക്ക് ഫർണീച്ചർ - വായനശാലകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ:-13/17
ലൈബ്രറികൾക്ക് ഫർണീച്ചർ
തുക:₹49,920/-
ട്രഷറി ബിൽ നമ്പർ:32/2016-17dt.25-02-2017

പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന നാല് വായനശാലകൾക്ക് ഫർണീച്ചർ (128 കസേരകൾ) വാങ്ങി നല്കിയിട്ടുള്ളതാണ്.

1)ദേശീയ വായനശാല എടക്കളത്തൂർ

2)ഗ്രാമീണ വായനശാല പോന്നോർ

3) ഗ്രാമീണ വായനശാല മുള്ളൂർ

4) ദേശാഭിമാനി കലാകായിക സാംസ്കാരിക വേദി പബ്ലിക്ക് ലൈബ്രറി, എടക്കളത്തൂർ

പ്രസ്തുത നാല് വായനശാലകളുടെ ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്തതിന്റെ സാക്ഷ്യപ്പത്രം പ്രസ്തുത പദ്ധതിയ്ക്കായുള്ള അപേക്ഷയോടൊപ്പം വെച്ചിട്ടില്ലാത്തതാണ്. ഓഡിറ്റ് എൻക്വയറി മുഖേനെ പരിശോധനയ്ക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടപ്പോൾ ദേശീയ വായനശാല എടക്കളത്തൂരിന്റെ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. നിയമം അനുശാസിക്കും വിധം രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ പുതുക്കിവരുന്ന സ്ഥാപനങ്ങൾക്കുമാത്രം ആനുകൂല്യം പരിമിതപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3-11-3) സേവാഗ്രാമം -പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിയ്ക്കാതെ ഫർണീച്ചറുകൾ വാങ്ങി.

പ്രോജക്ട് നമ്പർ:-48/17 സേവാഗ്രാമം തുക:₹1,00,000

ട്രഷറി ബിൽ നമ്പർ:48/2016-17 dt.31-03-2017

UTR No.U000000199892916 dt.30-03-2017

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിൽ ഗ്രാമസേവകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലേയ്ക്കായി, FURNIKIT, 4-702/B/1, എറണാംകുളം റോഡ്, കുരിയച്ചിറ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽനിന്നും. ഫർണീച്ചർ വാങ്ങി നല്കിയവകയിൽ ₹83,018/- പ്രസ്തുത ബിൽ പ്രകാരം അനുവദിച്ചുനല്കിയിട്ടുള്ളതാണ്. എന്നാൽ ഫർണീച്ചർ വാങ്ങിയപ്പോൾ G.O.(P)No.259/2010/LSGD, തിയ്യതി:08-11-2010 ഖണ്ഡിക:3-2 പ്രകാരം ലിമിറ്റഡ് ടെൺഡർ മുഖേനെ സാധനങ്ങൾ വാങ്ങണമെന്ന വ്യവസ്ഥ പാലിച്ചുകാണുന്നില്ല. ₹83,018/- ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

3-11-4) തെരുവുവിളക്ക് പരിപാലനം പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിയ്ക്കുന്നില്ല

പ്രോജക്ട് നമ്പർ:-106/17
തെരുവുവിളക്ക് പരിപാലനം(റിപ്പയർ മെയിന്റൻസ്)

അടാട്ട് മാതൃകയിലുള്ള തെരുവുവിളക്ക് പരിപാലനമാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ മാർഗരേഖ, 17-08-2015 ലെ ജി-2/ 44274/2015 നടപടിക്രമപ്രകാരം എഴുതി പരിപാലിക്കുന്നതിനായി നിർദ്ദേശിച്ചിരിയ്ക്കുന്ന താഴെ പറയുന്ന രജിസ്റ്ററുകൾ/രേഖകൾ പഞ്ചായത്തിൽ നിലവിൽ സൂക്ഷിച്ചിട്ടില്ലാത്തതാണ്.

a)ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾ സംബന്ധിച്ചത്, ഇലക്ട്രിക് പോസ്റ്റുനമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്റർ

b) തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ

c) ഉപയോഗശൂന്യമായ തെരുവിളക്ക് സാമഗ്രികൾ സംബന്ധിച്ചത് രേഖപ്പെടുത്തിയ രജിസ്റ്റർ (Register of Unservisable Items)

d) തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഉപയോഗശൂന്യമായ തെരുവിളക്ക് സാമഗ്രികൾ സംബന്ധിച്ചത് രേഖപ്പെടുത്തിയ രജിസ്റ്ററുകൾ എന്നിവയുടെ പ്രതിമാസ റീക്കൺസീലിയേഷൻ നടത്തിയതിന്റെ രേഖകൾ

e) തെരുവുവിളക്കുകളുടെ അറ്റകുറ്റപണി സംബന്ധിച്ച രജിസ്റ്റർ

f) വാർഡുതല മോണിറ്ററിംഗ് കമ്മിറ്റിയുടെ സംഘാടനം,ആയതിന്റെ യോഗങ്ങൾ എന്നിവ സംബന്ധിച്ച രേഖകൾ.

g)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മറ്റിയുടെ സംഘാടനം,ആയതിന്റെ യോഗങ്ങൾ എന്നിവ സംബന്ധിച്ച രേഖകൾ

പദ്ധതിയുടെ മോണിറ്ററിംഗിന് മാർഗ്ഗരേഖകൾ പ്രകാരംമേൽ രേഖകൾ സൂക്ഷിക്കേണ്ടത്

അത്യാവശ്യമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ:10 തിയ്യതി:05-08-2017)

3-12 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-അപാകതകൾ

3-12-1) വിവാഹധനസഹായം സമയപരിധികഴിഞ്ഞ് സമർപ്പിച്ച അപേക്ഷയിൽ ആനുകൂല്യം നല്കി

a) പ്രോജക്ട് നമ്പർ:-53/2017
പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം (വിധവ)
തുക:₹1,50,000/-
ട്രഷറി ബിൽ നമ്പർ:2/2016-17dt.21-11-2016
D.D.No.946973 dt.22-11-2016 തുക :₹50,000/-

മേൽ കാണിച്ചിരിയ്ക്കുന്ന ബില്ല പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി കാർത്ത്യായനി, പുതിയേടത്ത്(വീട്), തോളൂർ എന്ന ഗുണഭോക്താവിന്റെ മകളായ സന്ധ്യാ.പി.കെ എന്നവരുടെ വിവാഹം നടന്നത് 15-04-2014നും, വിവാഹധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചത് 07-11-2016- നുമാണ്.

b) പ്രോജക്ട് നമ്പർ:-54/2017 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം

പ്രോജക്ട് തുക:₹9,00,000/- ട്രഷറി ബിൽ നമ്പർ:3/2016-17dt.22-11-2016,

ഡി.ഡി നമ്പർ:946970 തിയ്യതി:22-11-2016. തുക :₹50,000/-

മേൽ കാണിച്ചിരിയ്ക്കുന്ന ബില്ല പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീ.വിശ്വംഭരൻ.എം.കെ. മുല്ലത്തടത്തിൽ വീട്, പറപ്പൂർ എന്ന ഗുണഭോക്താവിന്റെ മകളായ വിദ്യാ.എം.വി. എന്നവരുടെ വിവാഹം നടന്നത് 06-09-2015നും, വിവാഹധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചത്:26-10-2016- നുമാണ്.

അപേക്ഷ സമർപ്പിയ്ക്കേണ്ടുന്ന കാലവധി സർക്കാർ നിർദ്ദേശത്തിലും, മാർഗ്ഗരേഖയിലും പറഞ്ഞിരിയ്ക്കും പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ, വിവാഹം കഴിഞ്ഞ് ഒരുവർഷകാലയളവിനകമോ എന്നതാണ്. എന്നാൽ വിവാഹധനസഹായത്തിനായി, അപേക്ഷ സമർപ്പിച്ചത് ഒരു വർഷത്തിനുശേഷമാണ്.
സർക്കാർ നിർദ്ദേശത്തിലും മാർഗ്ഗരേഖയിലുമുള്ള കാലാവധി കഴിഞ്ഞ് സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് ആനുകൂല്യം വിതരണംചെയ്ത നടപടി സർക്കാർ മാർഗ്ഗരേഖയുടെ ലംഘനമാണ്. ആയതിനാൽ മേൽ കാണിച്ച ₹1,00,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

3-12-2) വൃദ്ധർക്ക് വയോമിത്രം കട്ടിൽ - സർക്കാർ ഉത്തരവിനേക്കാൾ അധികം തുക അനുവദിച്ചു.

പ്രോജക്ട് നമ്പർ:-66/2017 വൃദ്ധർക്ക് വയോമിത്രം കട്ടിൽ

ട്രഷറി ബിൽ നമ്പർ:6/2016-17dt.22-02-2017 തുക:₹2,46,692/-

ട്രഷറി ബിൽ നമ്പർ:15/2016-17dt.16-03-2017,തുക:₹61,673/-
ട്രഷറി ബിൽ നമ്പർ:19/2016-17dt.30-03-2017,തുക: ₹1,635/- (ഇറക്കുകൂലി)

13-02-2017ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ:397/2017/ത.സ്വ.ഭ.വ. വൃദ്ധർക്കുള്ള കട്ടിലിന്റെ യൂണിറ്റ് കോസ്റ്റ് ₹3,500/- നിശ്ചയിച്ചിരിക്കെ ആയതിനു വിരുദ്ധമായി, മേൽ സർക്കാർ ഉത്തരവ് തിയ്യതി കഴിഞ്ഞ്, 40 കട്ടിലുകൾ ഗുണഭോക്താക്കൾക്ക് കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ എന്ന സ്ഥാപനത്തിൽ നിന്നും അധികതുകയ്ക്ക് വാങ്ങി നല്കിയിരിക്കുന്നു. ഈ ഇനത്തിൽ അധികം അനുവദിച്ച ₹1,68,365/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. (3,08,365-1,40,000=1,68,365).

3-13 അംഗൻവാടികളുടെ ഭൗതിക സാഹചര്യം

തോളൂർ ഗ്രാമ പഞ്ചായത്ത് അംഗൻവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

ക്രമ നം.		എണ്ണം	റിമാർക്സ്
1	ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ എണ്ണം	21	
2	അംഗൻവാടി കുട്ടികളുടെ എണ്ണം	240	
3	സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്	15	
4	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്	6	രണ്ടെണ്ണത്തിന് വാടക അടവാക്കുന്നില്ല
5	അംഗൻവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചീനിയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത്	ICDS സൂപ്പർവൈസർ പരിശോധനയക്കുള്ള കത്ത് L.S.G.D. എഞ്ചീനിയർക്ക് കൈമാറിയതായി അറിയിച്ചിട്ടുണ്ട്, എന്നാലും അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചീനിയർ സാക്ഷ്യപത്രം നല്കിയിട്ടില്ല. ഈ നടപടി 30-12-2016ലെ തദ്ദേശ സ്വയം ഭരണം(ഇ.ഡബ്ല്യു) വകുപ്പ് സർക്കുലർ 792455/ഇ.ഡബ്ല്യു3/ 2016/ ത.സ്വ.ഭ.വ-യിലെ നിർദ്ദേശത്തിന്റെ ലംഘനമാണ്	
7	ശൗച്യാലയങ്ങളുള്ളത്	21	
8	ചുറ്റുമതിലുള്ളത്	14	
9	വൈദ്യുതീകരിച്ചത്	21	
10	വാട്ടർ കൺക്ഷനുള്ളത്	15	
11	ധാന്യ സംഭരണിയുള്ളത്	21	
12	എൽ.പി.ജി. കണക്ഷനുള്ളത്	21	
13	ബേബി ഫ്രണ്ടിലിയായത്	-	
14	31-03-2017 തിയ്യതിയിൽ അംഗൻവാടി	3,52,183/-	

	പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുദിച്ച തുകയിൽ, ഗ്രാമപഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക		
15	നീരീക്ഷണ കമ്മിറ്റി രൂപികരിച്ച അംഗൻവാടികളുടെ എണ്ണം	21	
16	നീരീക്ഷണ കമ്മിറ്റി യോഗങ്ങളുടെ എണ്ണം	21	
17	അംഗൻവാടിയിൽ വിതരണം പോഷകാഹാരം സംബന്ധിച്ച്, നീരീക്ഷണ കമ്മിറ്റി പരാതിയെന്തെങ്കിലും അറിയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം	ഇല്ല	
18	സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3 -312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ വിശദാംശം	പരിശോധനയ്ക്ക് അയച്ചതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല	

മേൽ വിശദാംശത്തിൽ നിന്നും ആറ് അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാ എന്നതാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത, അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനല്കുന്നതിനുള്ള സത്വര നടപടി പഞ്ചായത്ത് ഭരണാധികാരികളുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതും, അംഗൻവാടി കെട്ടിടത്തിന്റെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചീനിയർ/ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3-14 ആശ്രയ പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഇനം	ഒന്നാം ഘട്ടം	രണ്ടാം ഘട്ടം
1	ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ	105	91
2	പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ	145	161
3	പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ	24	1

4	നാളിതുവരെ ലഭിച്ചവർ		0	0
5	പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ		42	22
6	നാളിതുവരെ ലഭിച്ചവർ		0	0
7	പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ		30	11
8	നാളിതുവരെ ലഭിച്ചവർ		20	4
9	പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ		52	7
10	നാളിതുവരെ ലഭിച്ചവർ		7	0
11	പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ		29	22
12	നാളിതുവരെ ലഭിച്ചവർ		0	0
13	പദ്ധതി പ്രകാരം വീട് വൈദ്യുതീകരണം ആവശ്യമുള്ളവർ		42	5
14	നാളിതുവരെ ലഭിച്ചവർ		1	0
15	ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ		111	161
16	ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ		111	0
17	ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ്	പ്ലാൻ ഫണ്ട്	6,89,475	1,50,000
		ചലഞ്ച് ഫണ്ട്	6,63,262	3,88,347
18	ആശ്രയ പദ്ധതി പ്രകാരം ചെലവ്	പ്ലാൻ ഫണ്ട്	6,13,389	55,000
		ചലഞ്ച് ഫണ്ട്	6,63,262	0
19	നീക്കിയിരിപ്പ്	പ്ലാൻ ഫണ്ട്	76,086	95,000
		ചലഞ്ച് ഫണ്ട്	0	3,88,347
20	ചെലവ് ശതമാനം	പ്ലാൻ ഫണ്ട്	88.96	36.66
		ചലഞ്ച് ഫണ്ട്	100	0

തോളൂർ ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതി തുക കൈകാര്യം ചെയ്യുന്നതിനായുള്ള,

സി.ഡി.എസ് ചെയർപേഴ്സൺന്റെയും, മെമ്പർ സെക്രട്ടറിയുടെയും പേരിൽ പരിപാലിച്ചുവരുന്ന ധനലക്ഷ്മി ബാങ്ക്, പറപ്പൂർശാഖയിലെ 000300010015646 നമ്പർ അക്കൗണ്ടിൽ 31.03.2017 ന് 1,79,262.92 രൂപ ചെലവഴിക്കാതെ ബാലൻസായി നിലനിൽക്കുന്നു. സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ള അഗതികളും, നിരാലംബരുമായവരായ ആശ്രയ ഗുണഭോക്താക്കളുടെ ഉന്നമനത്തിനായി പ്രസ്തുത തുക ചെലവഴിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്, നം.	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2,00,000/-	പാലിയേറ്റിവ് കെയർ പദ്ധതി	2,00,000/-	0
	1,25,000/-	ശാരീരികവും മാനസീകവുവുമായ വെല്ലുവിളി - സ്കോളർഷിപ്പ്	1,25,000/-	0
	1,00,000/-	ക്ഷീരസഹകരണസംഘങ്ങളിൽ പാൽ അളന്ന കർഷകർക്ക് സബ്സിഡി	1,00,000/-	0
ജില്ലാപഞ്ചായത്ത്	2,50,000/-	9/17 ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ്	2,48,000/-	2,000/-

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ട്രഷറി ബിൽ നം.	മുൻകൂർനൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	ഓട്ടോമാറ്റിക് സി.എഫ്.എൽ	21300995/ 26.03.14	2500	-	2500
കെ.എസ്.ഇ.ബി	ഓട്ടോമാറ്റിക് സി.എഫ്.എൽ	21300101/ 26.03.14	42500	-	42500
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ നീട്ടൽ	23/16-17/31.3.17 42/16-17/22.3.17	423930	-	423930
ഭൂജലവകുപ്പ് തൃശ്ശൂർ	5-ാം വാർഡിലെ പോന്നോർ കോളനി കുടിവെള്ള പദ്ധതി	21500432/30.09.15	850000/-	-	850000/-

ഭൂജലവകുപ്പ് തൃശ്ശൂർ	മണപ്പാട്ട് പറമ്പ് കുടിവെള്ള പദ്ധതി	21500842/29.02.16	580000/-	-	580000/-
കേരള വാട്ടർ അതോറിറ്റി	കൊള്ളന്നൂർ എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ	41400331/19.03.15	1212/-	-	1212/-
കേരള വാട്ടർ അതോറിറ്റി	അംബേദ്കർ കോളനിയിൽ പൈപ്പ് ലൈൻ നീട്ടലും, സ്ട്രീറ്റ് ടാപ്പ് സ്ഥാപിക്കലും	41400332/19.03.15	16100/-	-	16100/-
കേരള വാട്ടർ അതോറിറ്റി	കടാംതോട് കുടിവെള്ള പദ്ധതി	21300563/07.11.2013	150000/-	-	150000/-
കേരള വാട്ടർ അതോറിറ്റി	കടാംതോട് കുടിവെള്ളപദ്ധതി	21300998/ 26.03.14	6,00,000/-	-	6,00,000/-

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
ആകെ	5000
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭ്യമാക്കിയ 16205/-രൂപയുടെ വിവരം ചുവടെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ, തിയ്യതി
2004-05	3.7.2	2530	സിജോ ജോൺ	11601100149/16.04.16
2004-05	3.7.1	230	എ.വി.ഗ്രേസി	11601101067/08.08.16

2004-05	3.7.1	270	എ.വി.ഗ്രേസി	11601101452/27.09.16
2004-05	3.7.3	1300	എ.വി.ഗ്രേസി	11601101068/08.08.16
2004-05	3.7.3	130	എ.വി.ഗ്രേസി	11601101068/08.08.16
2004-05	2.4.	89	എ.വി.ഗ്രേസി	11601101453/27.09.16
2004-05	2.4	373	എ.വി.ഗ്രേസി	11601101066/08.08.16
2004-05	3.7.1	5000	എ.വി.ഗ്രേസി	11601101067/08.08.16
2013-14	2.3(ബി)	100	ജസ്റ്റിൻ. പി.ജോസ്	11601100495/02.06.16
2013-14	2.3(ബി)	100	കെ.എ.ശശിധരൻ	11601100496/02.06.16
2013-14	2.3(ബി)	100	ഷോപ് മാനേജർ, സപ്ലൈകോ	11601100534/6.6.16
2013-14	2.3(ബി)	50	സി.വി.ബാലൻ	11601100612/16.06.16
2014-15	2.2	1250	സെക്രട്ടറി, ക്ഷീരസഹകരണസംഘം	11601100690/25.06.16
2014-15	2.2	1250	മാനേജർ, സപ്ലൈകോ	11601100790/07.07.16
2014-15	2.1	633	വി.ഇ.സുഹറ, സെക്രട്ടറി	11601100863/15.07.16
2015-16	2.2	200	കെ.ജെ.റോയ്	11601103747/01.03.17
2015-16	2.2	100	ശശി, ഡയമണ്ട് കമ്പനി	11601104334/18.03.17
2015-16	-	1250	മാനേജർ, സെന്റ് റോസ് കുറീസ്	11601100927/22.07.16
2015-16	-	1250	മാനേജർ, പറപ്പൂർ കുറീസ്	11601101884/11.11.16
ആകെ		16205		

ഓഡിറ്റിന് ലഭ്യമാക്കിയ മേൽ ഇനത്തിലുള്ള വരവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	36304375
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	35584370
വരവിനങ്ങളിലുള്ള നഷ്ടം	225
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	924113

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2.2	225	-	കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി
ആകെ	225	-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.1	1,00,000	ശ്രീമതി സെലീന, ഹെഡ്മിസ്ട്രസ് ഗവ.യു.പി സ്കൂൾ
3.2	48,800	സെലീന, എച്ച്.എം.,ഗവ.യു.പി.സ്കൂൾ
3.11.1(എ)	100000	കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി
3.11.1(ബി)	323930	കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി
3.11.3	83,018	കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി
3.12.1	1,00,000	ഇ.എൻ.ഹരിനാരായണൻ, അസി.സെക്രട്ടറി
3.12.2	1,68,365	ഇ.എൻ.ഹരിനാരായണൻ, അസി.സെക്രട്ടറി
ആകെ	924113	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി	സെക്രട്ടറി, തോളൂർ ഗ്രാമപഞ്ചായത്ത്	കൃഷ്ണാമൃതം, പി.ഒ.പുറനാട്ടുകര

4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ

	വിവരം
1966-67	എൽ.എഫ്.ഇ(1)/5717/ 73/ 30.3.74
1972-73	എൽ.എഫ്.ഇ(2)/1890/ 75/ 25.12.75
1973-74	എൽ.എഫ്.ഇ(1)/457/ 76/ 24.2.76
1974-75	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1979-80	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1981-82	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1982-83	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1983-84	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1984-85	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1985-86	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1986-87, 87-88	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1988-89, 89-90	എൽ.എഫ്.ഇ(2)/1624 /97(15) / 05.11.97
1990-91	എൽ.എഫ്.ഇ(2)/1624 /97(16) / 05.11.97
1991-92	എൽ.എഫ്.ഇ(2)/590/ 95/ 24.6.96
1992-93, 93-94	എൽ.എഫ്.ഇ(2)/1905/ 97/19.1.98
1994-95, 95-96, 96-97	എൽ.എഫ്.ടി.എസ്. 2-1039/ 11, 18.10.11
1997-98	എൽ.എഫ്.ടി. 18-587/ 02(2)/ 5.7.02
1998-99(വരവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1998-99(ചെലവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1999-2000	എൽ.എഫ്.ടി. 12-1012/ 2003/ 6.2.04
2000-01, 01-02 (പ്ലാൻ)	എൽ.എഫ്.ടി. 12-1419/ 2003/ 3.3.07
2001-02	എൽ.എഫ്.ടി. 12-437/ 08/ 18.7.09/ 29.9.09
2002-03	എൽ.എഫ്.ടി. 12-436/ 08/ 18.7.09/ 29.9.09
2003-04	എൽ.എഫ്.ടി. 12-2663/ 08/ 8.3.10/ 13.5.10

2004-05	എൽ.എഫ്.ടി. 12-2664/08/ 8.3.10/ 13.5.10
2005-06	എൽ.എഫ്.ടി. 12-590/ 10/ 6.9.10
2006-07	എൽ.എഫ്.ടി. 12-591/ 10/ 6.9.10
2007-08	എൽ.എഫ്.ടി.പി 3 – 963/ 12/ 29.9.12
2008-09	എൽ.എഫ്.ടി.പി 3 –964/ 12/ 29.9.12/4.12.12
2009-10	എൽ.എഫ്.ടി.പി 3 –965/ 12/ 29.9.12/8.2.13
2010-11	എൽ.എഫ്.ടി.പി 3 – 966/ 12/ 29.9.12/8.2.13
2011-12	എൽ.എഫ്.ടി.പി 3 –1108/ 13/ 3.12.13/ 8.1.14
2012-13	എൽ.എഫ്.ടി.പി 3 –337/ 14/ 28.10.14/ 10.12.14
2013-14	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-289/15 തി. 16.07.15/13.10.15
2014-15	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-1047/16 തി. 2.7.16/21.7.16
2015-16	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-07/17 തി. 30.01.17

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)1312/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
തിയ്യതി: 04.12.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

No.KSA-TSR(P3)1312/2017

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Dated : 04.12.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Tholur Grama panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Tholur Grama Panchcyat for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,
Thrissur